മോക്ഷം

കാലം ചവച്ചു ചണ്ടി തുപ്പിയൊരുടലിലേ
പ്രാണനും പറന്നകന്നജ്ഞാതതീരം തേടി
കാവലായിരുന്നവരകന്നൂ കൈയും വീശി
കാണികളടുക്കുന്നു ജഡം കണ്ടു മടങ്ങാനായ്
ദുഖത്തിൻ മുഖപടമഴിച്ചു പരേതന്റെ
നിർജ്ജീവമുഖത്തർപ്പിച്ചു പിൻ വാങ്ങുന്നു ബന്ധുക്കൾ
മുറ്റത്തിൻ കോണിൽ ശോകം മുറ്റിയ ബുധജനം
തർക്കിക്കുന്നൊരുപക്ഷെ ദുഖം മറക്കാനാകാം
മകനും ധ്രുതിയിൽ ചുറ്റുമാജ്ഞകൾ വിതറുന്നു
പരേതനുപരലോകത്തയ്ശ്വര്യം വിതയ്ക്കുന്നു
കാര്യസ്ഥനടുത്തെത്തി കാതിൽ മന്ത്രിച്ചൂ മെല്ലെ
മാവൊന്നുവെട്ടണ്ടേ, അതേതെന്നു ചൊല്ലൂ വേഗം
മറുപടിയുരചെയ്തു മകനും നാട്ടാർ കേൾക്കെ
വലിയൊരു മരം തന്നെയായ്ക്കോട്ടെയഛന്നായി

(2)

വീട്ടുമുറ്റത്തേക്കൂട്ടും കണ്ടുരസിച്ചു ചുറ്റു-
മോടിനടക്കുമ്പൊഴാ ബാലിക കണ്ടു ദൂരെ-
യാരോവെട്ടിവീഴ്ത്തുന്നു തേന്മാവിൻ വൻശാഖകൾ
ചിതറിത്തെറിപ്പൂ ചുറ്റും പൂക്കളുമിലകളും
എതെന്തിനു വെട്ടുന്നിവരഛനിതറിഞ്ഞില്ലെ?

ഉടനേപൊയ്പറയട്ടെ, യവരെത്തടയാൻ വേഗം
കണ്മണിക്കുരുന്നിന്റെ നിറയുംനേത്രംതുട-
ച്ചുമ്മവച്ചോതീ താതൻ അവരതുമുറിച്ചോട്ടെ
മുത്തശ്ശനേ നമുക്കു സ്വർഗ്ഗത്തേക്കയക്കേണ്ട
തൽക്കാലമതിനാ മാവിൻ പതനമതനിവാര്യം
പകരമിനിയൊരു മരം നടാം നമുക്കതുമതി
മകളിനിപ്പോയി മാത്രുസവിധത്തിലിരുന്നോളൂ
മാതാവിന്നോരം ചേർന്നിരുന്നപ്പൊഴും പിഞ്ചു-
മാനസം മാവിൻ ചോട്ടിൽ ശോകമൂകമായ് നിന്നു
എത്രയോ മധുരങ്ങ, ളെത്രയോ സുഗന്ധങ്ങ-
ളെനിക്കായ് പകർന്നതീമാകന്ദമണിമുത്തശ്ശൻ
അവിടെയിലപ്പായിൽ ശയിക്കും മുത്തശ്ശനേ-
യറിയുകപോലുമില്ല,യില്ലല്ലൊ ഞാനൊട്ടുമേ
മരിച്ച മുത്തശ്ശനു നാകം പൂകാനെന്തിനീ
തുടിക്കും ചൈതന്യത്തെ വെട്ടിവീഴ്ത്തുന്നൂ ഇവർ?
കുരുവിക്കുഞ്ഞുങ്ങൾക്കിനി എവിടെയാണഭയമാ-
ചെറുകിളികളും സ്വർഗ്ഗം പൂകുമോ ഇതോടൊപ്പം?
സ്വർഗ്ഗം മുകളിലാണെന്നമ്മപറഞ്ഞല്ലോ
സ്വർഗ്ഗത്തിലേറാൻ മാവിലേറുകയല്ലേ വേണ്ടൂ?
ഒരുപക്ഷെയിതവിടെ പുനർജനിച്ചേക്കാം, പക്ഷെ-
യതിൻഫലംനുകരാനായ് സ്വർഗ്ഗത്തു പോകാനാമോ?

(3)

ദൂരെയപ്പോൾ മുഴങ്ങി, ഭീകരസ്വനം മാവിൻ
പ്രാണൻപറിഞ്ഞുടലൊടിഞ്ഞുപതിച്ചൊരുഭീമാരവം

ഉള്ളം നടുക്കുമാ, നാദമവളെ തളർത്തി, എന്തോ
തന്നുടലിങ്കൽനിന്നു പാഞ്ഞകന്നതുപോലെ
ഞെട്ടിത്തെറിച്ചവളെഴുന്നേറ്റു; മുത്തശ്ശന്റെ
നിശ്ചലദേഹം കണ്ണിൽ തടഞ്ഞൊരു നിമിഷാർദ്ധം
അകലെ നീലകാശം വിങ്ങിപ്പുകയുന്പോലെ
യമല, മരതകപൂരമറ്റുവീണതിനാലോ
തറയിൽ തകർന്ന പൂച്ചെണ്ടുകളിലകളും
ഇടയിലമർന്നരഞ്ഞയുണ്ണിക്കായ് കണങ്ങളും
അതിനിടയിലവൾക്കായ് കാത്തുവെച്ചതുപോലെ
ഒരു മാമ്പഴം, ഓമലിന,ന്ത്യോപഹാരമാകാം
ഒരു സാന്ത്വനം തേടിയാപൈതൽ ചുറ്റും നോക്കി
യിതെന്തൽഭുതമാരു,മീക്കൊലയറിഞ്ഞില്ലേ??
വീണ്ടും പോയ്, തന്മാതാവിൻ സവിധത്തിലിരുന്നവ–
ളുയരുമേങ്ങലടക്കാൻ കഴിയാതെ, കണ്ണീരോടെ
മാതാവുടലോടുചേർത്തുതടവീ പൂന്പൈതലെ
‘മോളെ നീ കരയാതെ, മുത്തശ്ശനായ് പ്രാർഥിക്കൂ’
ഏതു മുത്തശ്ശനായവൾ പ്രാർഥിക്കണമമ്മേ
ആയതുകൂടിചൊല്ലൂ അവൾക്കതറിയില്ലല്ലൊ

%%%%%%%%%%%%%%%

കൃഷ്ണ